(ഡി) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച പരിപാടികൾ ലഘൂകരിക്കുകയോ, വേണ്ടെന്ന് വയ്ക്കുകയോ ചെയ്തിട്ടില്ല.

(ഇ) അന്തിമ കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ദേശീയ ഗെയിംസിനു വേണ്ടി കേന്ദ്ര സംസ്ഥാനവിഹിതമായി ആകെ അനുവദിച്ച 393.12 കോടി രൂപയിൽ, 367.54 കോടി രൂപ 28-2-2015 വരെ ചെലവഴിച്ചു.

(എഫ്) ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥവും അതോടൊപ്പം റൺ കേരള റൺ പരസ്യ പ്രചാരണത്തിനുമായി പത്ര ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. ഇതിന്റെ ബില്ലുകൾ ലഭിച്ചു വരുന്നതേയുള്ളൂ. പരസ്യതുക ഇതുവരെ അനുവദിച്ചു തുടങ്ങിയിട്ടില്ല.

കായിക താരങ്ങൾക്ക് ജോലി

294 (300) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിൽ മെഡൽ നേടിയ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് എന്തൊക്കെ പാരിതോഷികങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; മെഡൽ നേടിയ കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഓരോ വർഷവും എത്ര കായികതാരങ്ങൾക്കാണ് സർക്കാർ ജോലി നൽകുന്നത്; 2010 മുതലുള്ള നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു പ്രകാരം എത്ര കായിക താരങ്ങൾക്ക് ജോലി നല്കിയിട്ടുണ്ട്; എത്ര പേർക്ക് ജോലി നല്കാനുണ്ട്; വിശദാംശം നല്കുമോ;

(സി) കായിക താരങ്ങൾക്ക് നിയമനം നല്കുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയ കായിക താരങ്ങൾക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ വീതം പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകുന്നതാണ്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവരിൽ

LIBRARY ARCHIVES Kerala Legislative Assembly

ജോലിയില്ലാത്തവർക്ക് പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ജോലി ഉള്ള താരങ്ങൾക്ക് ഉയർന്ന ഗ്രേഡോ അഡ്വാൻസ് ഇൻക്രിമെന്റോ നൽകുന്നതാണ്.

(ബി&സി) സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2009 കലണ്ടർ വർഷം മുതൽ പ്രതിവർഷം 50 കായിക താരങ്ങൾക്കാണ് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നത്. ഈ പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള 5 വർഷങ്ങളിലെ 250 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ തുടർന്നുവരുന്നു.

ദേശീയ ഗെയിംസിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

295 (301) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ആവശ്യാർത്ഥം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെയും സാധനസാമഗ്രികളോ സേവനങ്ങളോ വാങ്ങിയതിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികൾ, സാധനസാമഗ്രികൾ, സേവനങ്ങൾ തുടങ്ങിയവയും അതിന് ചെലവായ തുകയും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ദേശീയ ഗെയിംസിനായുള്ള നിർമ്മാണ പ്രവർത്തനങ്ങളും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതും സേവനങ്ങൾ ലഭ്യമാക്കിയതും ടെൻഡർ നടപടികളിലൂടെയാണ്. കലാരംഗത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രമുഖർ നടത്തിയ കലാപരമായ സേവനങ്ങൾ ടെൻഡർ നടപടിക്രമങ്ങളിലൂടെ നിശ്ചയിക്കാൻ കഴിയുന്നതല്ല.

നാഷണൽ ഗെയിംസ് ചെലവുകൾ

296 (302) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഗെയിംസിന് എത്ര കോടി രൂപ കേന്ദ്രവിഹിതമായി ലഭിച്ചു ; കേരളത്തിന്റെ വിഹിതമായി എത്ര തുക ചെലവഴിച്ചു ; വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly